**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2550** **15-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫറിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | സഹകരണ വകുപ്പിൽ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈൻ സമ്പ്രദായം മുഖേന നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 04.06.2023 ലെ സ.ഉ(കൈ)നം.8/2023/സഹ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സ്ഥലമാറ്റം നടപ്പാക്കുന്നതിനായി സ്പാർക്ക് മുഖേന ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഉണ്ടായ വിവിധ നിയമ വിഷയങ്ങൾ പരിഗണിച്ച് സഹകരണ സംഘം രജിസ്ട്രാർ ജീവനക്കാരുടെ ഓൺലൈൻ കരട് സ്ഥലമാറ്റ ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലം മാറ്റ പട്ടിക സംബന്ധിച്ച് ജീവനക്കാരുടെ ആക്ഷേപങ്ങൾ ക്ഷണിച്ചിരുന്നു. ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിനായി ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി ആക്ഷേപങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്.<br><br>പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന സഹകരണ വകുപ്പിലെ തസ്തികകളിലേക്ക് ഒഴിവുകൾക്കനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കുന്നത് മൂലമുണ്ടാവുന്ന ഒഴിവുകൾ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | സഹകരണ വകുപ്പിൽ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈൻ സമ്പ്രദായം മുഖേന നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 04.06.2023 ലെ സ.ഉ(കൈ)നം.8/2023/സഹ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സ്ഥലമാറ്റം നടപ്പാക്കുന്നതിനായി സ്പാർക്ക് മുഖേന ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഉണ്ടായ വിവിധ നിയമ വിഷയങ്ങൾ പരിഗണിച്ച് സഹകരണ സംഘം |

| | | | |
|---|---|---|---|
| | | | രജിസ്ട്രാർ ജീവനക്കാരുടെ ഓൺലൈൻ കരട് സ്ഥലമാറ്റ ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലം മാറ്റ പട്ടിക സംബന്ധിച്ച് ജീവനക്കാരുടെ ആക്ഷേപങ്ങൾ ക്ഷണിച്ചിരുന്നു. ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിനായി ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി ആക്ഷേപങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്.<br><br>പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന സഹകരണ വകുപ്പിലെ തസ്തികകളിലേക്ക് ഒഴിവുകൾക്കനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | ജൂനിയർ കോ- ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ കഴിഞ്ഞ തവണത്തെ (2013) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ കഴിഞ്ഞ തവണത്തെ(2013) റാങ്ക് ലിസ്റ്റിൽ നിന്നും 915 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ഡി) | ജൂനിയർ കോ- ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ടുള്ള നിയമനം മുഖേന 391 നിയമനങ്ങളും വി.ഇ.ഒ. തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന 197 നിയമനങ്ങളും ഉൾപ്പെടെ 24.08.2024 വരെ 588 നിയമനങ്ങൾ നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ